"ഭരണഭാഷ മാതൃഭാഷ"

G1/19639/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം- 33.

തീയതി: 01.07.2020

<u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്ന് ലഭിച്ചിട്ടുള്ള പരാതികൾ കുടിശ്ശികയായി അവശേഷിക്കുന്ന പരാതികളിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- അർദ്ധ ഔദ്യോഗിക കത്ത് നമ്പർ സി. എം. സി. സി. 5/18/ 2020, തീയതി 16.6.2020.

*********

ബഹു. മുഖ്യമന്ത്രിക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ സി. എം. ഒ. പോർട്ടൽ വഴി തുടർ നടപടിക്കായി ലഭിക്കാറുണ്ട്. വകുപ്പിന് കീഴിലുള്ള ഡി. ഡി. ഓഫീസുകൾക്കും സി. എം. ഒ. പരാതികൾ കൈ മാറാറുണ്ട്. എന്നാൽ ഇപ്രകാരം ലഭിക്കുന്ന പരാതികൾ മേൽ തീർപ്പ് കൽപ്പിച്ച് അന്തിമ പരിഹാരം കാണുന്നതിൽ കാലതാമസം ഉണ്ടായതായി മേൽ സൂചന കത്ത് പ്രകാരം ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്ന് ലഭിക്കുന്ന പരാതികളിൽ ഇനിയും തീർപ്പാക്കാനുള്ള പരാതികൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. തീർപ്പാക്കാൻ ഉള്ള പരാതികൾ അന്തിമമായി തീർപ്പാക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ ജീവനക്കാരെ വിന്യസിച്ചു കൊണ്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസുകളും, ഈ ഓഫീസിലെ എല്ലാ സെക്ഷനുകളും 2020 ജൂലൈ 15-ന് മുമ്പായി തന്നെ ഇതുവരെ ലഭിച്ചിട്ടുള്ള പരാതികളിൽ മേൽ തീർപ്പ് ആകാത്ത എല്ലാ പരാതികൾക്കും അന്തിമമായി തീർപ്പ് കൽപ്പി ക്കേണ്ടതാണ്. ആയതിന് നടപടികൾ സ്വീകരിക്കുന്നതിനും, ആയതിനു ശേഷം അത് സി. എം. ഒ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനും ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർമാർ, സെക്ഷൻ സൂപ്രണ്ടുമാർ എന്നിവർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപ്രകാരം കുടിശ്ശികയുള്ള പരാതികളുടെ വിവരങ്ങളും, ആയത് തീർപ്പ് കൽപ്പിച്ചതിന്റെ വിവരങ്ങളും ഈ മാസം പതിനഞ്ചാം തീയതിക്കു മുൻപ് തന്നെ ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

അവസാന ആശ്രയമെന്ന നിലയിൽ നീതി തേടി എത്തുന്ന സാധാരണക്കാരായ പൊതുജനങ്ങളുടെ പരാതികൾക്ക് സത്വര നടപടി സ്വീകരിക്കേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്വമമാണെന്നു കൂടി ഓർമ്മിപ്പിക്കുന്നു.

Approval Valid

Digitally Approved By
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
Date: 01.07.2020
Reason: Approved

ഒപ്പ്/-
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഡി. ഡി. ഓഫീസുകൾക്കും
2. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും.
3. സിസ്റ്റം മാനേജർക്ക്.